**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2441** **13-09-2023 - ൽ മറുപടിയ്ക്ക്**

**കർഷകരിൽ നിന്നും സംഭരിച്ച വിളകളുടെ തുക ലഭ്യമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | കർഷകരിൽ നിന്നും കഴിഞ്ഞ സീസണിൽ സപ്ലൈകോ ശേഖരിച്ച നെല്ലിന് പുറമേ മറ്റ് വിളകളുടെയും തുക കർഷകർക്ക് നൽകാനുണ്ടോ; ഇവയുടെ ഇനം തിരിച്ച് തുക എത്രയെന്നും അവ നൽകാത്തതിന്റെ കാരണം എന്താണെന്നും വിശദമാക്കാമോ; | (എ) | കേന്ദ്ര സർക്കാരിന്റെ വികേന്ദ്രീകൃത ധാന്യ സംഭരണ സംസ്കരണ വിതരണ പദ്ധതി **(Decentralized Procurement Scheme - DCP)** പ്രകാരം കേരളാ സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ കർഷകരിൽ നിന്നും നെല്ല് മാത്രമാണ് സംഭരിക്കുന്നത്, മറ്റ് വിളകൾ സംഭരിക്കുന്നില്ല. നെല്ലിന്റെ വിലയായി നൽകാനുണ്ടായിരുന്ന **2070.69** കോടി രൂപയിൽ **2023** മെയ് **16** വരെ പേ ഓർഡർ നൽകിയ കർഷകർക്ക് **1637.57** കോടി രൂപ വിതരണം ചെയ്തതിന്റെ ബാക്കി **433.12** കോടി രൂപയാണ് നൽകാൻ ഉണ്ടായിരുന്നത്. ഇത് വിതരണം ചെയ്തുവരുന്നു. |
| (ബി) | സപ്ലൈകോ ശേഖരിച്ച നെല്ലിന്റെയും മറ്റ് വിളകളുടെയും തുക എന്നത്തേക്ക് കർഷകർക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് ഇനം തിരിച്ച് വിശദമാക്കാമോ? | (ബി) | 2022-23 സീസണിൽ 250373 കർഷകരിൽ നിന്നായി സപ്ലൈകോ 7,31,184 മെട്രിക് ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്. നെല്ലിന്റെ വില കൈകാര്യ ചെലവ് എന്നിവയുടെ ഇനത്തിൽ 54339 കർഷകർക്ക് 433.12 കോടി രൂപ കുടിശ്ശിക നൽകാനുണ്ടായിരുന്നു. ടി കുടിശ്ശിക നൽകുന്നതിനായി സർക്കാർ 180 കോടി രൂപ അനുവദിച്ചിരുന്നു. അനുവദിച്ച 180 കോടി രൂപയിൽ 71.29 കോടി രൂപ 50000/-രൂപയിൽ താഴെ കുടിശ്ശികയുണ്ടായിരുന്ന 26548 കർഷകരുടെ മുഴുവൻ കുടിശ്ശിക തുകയും അവരുടെ അക്കൗണ്ടിലേക്ക് നേരിട്ട് വിതരണം ചെയ്തിട്ടുണ്ട്. അൻപതിനായിരം രൂപയ്ക്ക് മുകളിൽ കുടിശ്ശിക നൽകാനുണ്ടായിരുന്ന 27791 കർഷകരുടെ കുടിശ്ശിക തുകയിൽ 7.80 രൂപ നിരക്കിൽ സംസ്ഥാന പ്രോത്സാഹനബോണസ്, 12 പൈസ നിരക്കിൽ കൈകാര്യ ചെലവ് എന്നിവ ഉൾപ്പെടെ കിലോയ്ക്ക് 7.92 രൂപ നിരക്കിലുള്ള തുക കർഷകരുടെ അക്കൗണ്ടിലേക്ക് നേരിട്ട് നൽകിക്കഴിഞ്ഞു. ഇതിന് ശേഷം കിലോയ്ക്ക് 20.40 രൂപ നിരക്കിലുള്ള കുടിശ്ശിക തുക സ്റ്റേറ്റ് ബാങ്ക്, കാനറാ ബാങ്ക് എന്നിവ വഴി PRS ലോണായി നല്കി വരുന്നു. 08/09/2023 വരെ 15,361 കർഷകർക്കായി |

| | | | |
|---|---|---|---|
| | | | 137.03 കോടി രൂപ ഈ വിധത്തിൽ വിതരണം ചെയ്തു കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ